പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4840 24/07/2015 ൽ മറുപടിക്ക്

## താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പൂർണ്ണമായും നടപ്പിലാക്കിയോ എന്ന് അറിയിക്കാമോ; എന്തുകൊണ്ടാണ് അവ ആരംഭിക്കാത്തതെന്ന് വ്യക്തമാക്കുമോ ; | (എ) | പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (ബി) | ഏതെല്ലാം താലൂക്കാശുപത്രികളിലാണ് ഇനിയും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാത്തത് എന്നും പ്രസ്തുത യൂണിറ്റ് ആരംഭിക്കണമെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടതെന്നും അറിയിക്കാമോ ; | (ബി) | നിലവിൽ ഹരിപ്പാട്, തൊടുപുഴ, തിരൂരങ്ങാടി, പൊന്നാനി, ഒറ്റപ്പാലം, കുറ്റ്യാടി, പേരാമ്പ്ര താമരശ്ശേരി, വൈത്തിരി എന്നിവ ഒഴികെയുള്ള താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല.<br><br>പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവും ഡയാലിസിസ് മെഷിനുകളും, അവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരും ഈ യൂണിറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമാണ്. |
| (സി) | ചേർത്തല താലൂക്കാശുപത്രിയിൽ പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും അവിടെ ആയത് ആരംഭിക്കുന്നതിന് ആശുപത്രി അധികൃതർ എന്നാണ് അപേക്ഷ സമർപ്പിച്ചതെന്നും എന്നത്തേക്ക് പ്രസ്തുത യൂണിറ്റ് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ? | (സി) | നിലവിൽ കെട്ടിട സൗകര്യങ്ങളോ, ജീവനക്കാർ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ലാ ടി ആശുപത്രിയിൽ നിലവിലുള്ള ട്രോമാകെയർ കെട്ടിടത്തിനുമുകളിൽ മുൻ കേന്ദ്രമന്ത്രി ശ്രീ. എ.കെ. ആന്റണിയുടെ വികസന ഫണ്ടിൽ നിന്നും 1 കോടി രൂപ ചെലവിൽ ഡയാലിസിസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ